**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 238** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എഴുപതു വയസ്സ കഴിഞ്ഞതും യാത്ര ചെയ്യാൻ ശേഷി ഇല്ലാത്തതുമായ എത്ര പേർ ഇതേവരെ കോവിഡ് വാക്സിനേഷൻ എടുക്കാൻ സാധിക്കാതെ വീടുകളിൽ കഴിയുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | കിടപ്പ് രോഗികൾക്കും മുതിർന്ന പൗരൻമാർക്കും വീടുകളിൽ പോയി വാക്സിനേഷൻ നൽകുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരാവായിട്ടുണ്ട്. ആയതു പ്രകാരം 1.കിടപ്പു രോഗികൾക്കും, അവശത അനുഭവിക്കുന്ന മറ്റു രോഗികൾക്കും, യാത്ര ചെയ്യാൻ പ്രയാസം അനുഭവിക്കുന്ന മറ്റ് ജന വിഭാഗങ്ങൾക്കും നേരിട്ട് ഗൃഹ സന്ദർശനം നടത്തി വാക്സിൻ നൽകുന്നതാണ്. 2. ഇത്തരത്തിലുള്ള ജന വിഭാഗത്തിന്റെ വിശദാംശംങ്ങൾ മുൻകൂട്ടി ശേഖരിച്ചു തയ്യാറാക്കി സമ്മതപത്രം വാങ്ങിയതിനുശേഷം, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഈ വാക്സിനുകൾ സ്വീകരിക്കുന്നതുകൊണ്ടു മറ്റൊരു പാർശ്വഫലവും ഉണ്ടാവില്ല എന്ന് ഉറപ്പു വരുത്തുന്നതാണ്. 3.അടിയന്തിര ഘട്ടങ്ങളിൽ വാക്സിനേഷൻ നൽകുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ആധുനിക ആംബുലൻസും അനുബന്ധ എ ഇ എഫ് ഐ കിറ്റും (അഡ്രീനാലിൻ ഇൻജെക്ഷൻ, ഹൈഡ്രോകോർട്ടിസോൺ ഇൻജെക്ഷൻ, ഐ വി എൻ സലയെൻ/ റിങ്ങർ ലാക്റ്റേറ്റ്, മാസ്ക്കോടു കൂടിയ അംബു ബാഗ്, ഐ വി കാനുല, ഡ്രിപ് സെറ്റ്, സിറിഞ്ച്, സൂചി, ബി പി അപ്പാരറ്റ്സ്, പൾസ് ഓക്സിമീറ്റർ ഡോസേജ് ചാർട്ട് എന്നിവ കിറ്റിൽ ഉണ്ടാവണം), ഒരു ആരോഗ്യ പ്രവർത്തകനും കൂടെ ഉണ്ടായിരിക്കുന്നതാണ്. 4. വീടുകൾ സന്ദർശിക്കുന്ന സംഘത്തിൽ ഒരു മെഡിക്കൽ ഓഫീസർ, വാക്സിനേറ്റർ, ഒരു ആശാ വർക്കർ അല്ലെങ്കിൽ അംഗൻവാടി വർക്കർ അല്ലെങ്കിൽ ഒരു സന്നദ്ധ സേവകൻ എന്നിവർ ഉണ്ടായിരിക്കുന്നതാണ്. സംഘത്തിൽ ഉള്ളവരെല്ലാം തന്നെ സർജിക്കൽ ഗൗൺ, N 95 മാസ്ക്, മുഖാവരണം, കയ്യുറകൾ എന്നിവ ധരിച്ചിരിക്കണം. പരിശോധനയ്ക്ക് മുമ്പും വാക്സിനേഷൻ നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | മുമ്പും കോവിഡ് പ്രോട്ടോകോൾ പാലിച്ചും വാക്സിനേഷൻ നൽകുന്നതാണ്. 5. വീടുകൾ സന്ദർശിക്കുന്ന വേളയിൽ വാക്സിൻ സ്വീകരിക്കുന്ന വ്യക്തിയുടെ ആരോഗ്യ നില മെഡിക്കൽ ഓഫീസർ പരിശോധിച്ച വാക്സിൻ സ്വീകരിക്കാൻ സജ്ജമാണോ എന്ന് വിലയിരുത്തുന്നതാണ്. 6. പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകൻ (ജെ പി എച്ച് എൻ / എ എൻ എം / സ്റ്റാഫ് നേഴ്സ്) ആയിരിക്കും വാക്സിനേഷൻ നല്കുന്നത്. 7. വാക്സിനേഷൻ നൽകിയ ശേഷം വാക്സിൻ സ്വീകരിച്ച ആളിനെ 30 മിനിട്ട് നിരീക്ഷിക്കുന്നതിനായി ഒരു ആശാ, അംഗൻവാടി, സന്നദ്ധ പ്രവർത്തകരെയോ നിയോഗിക്കുന്നതാണ്. എന്തെങ്കിലും ബുദ്ധിമുട്ടോ, പ്രയാസമോ വാക്സിൻ സ്വീകരിച്ചയാൾക്ക് ഉണ്ടാകുന്നെങ്കിൽ അത്തരം വിവരം എത്രയും വേഗം മെഡിക്കൽ ആഫീസറെയോ, മെഡിക്കൽ ടീമിനെയോ അറിയിക്കുന്നതാണ്. 8. വാക്സിൻ നൽകി 48 മണിക്കൂർ വരെ വാക്സിൻ സ്വീകരിച്ച വ്യക്തിയുമായി ടെലിഫോൺ മുഖേന വിവരങ്ങൾ തിരക്കേണ്ടതും അടിയന്തിര ഘട്ടങ്ങളിൽ രോഗിയുമായി ആശയവിനിമയം ചെയ്യാനായി ആവശ്യം ഉള്ള മൊബൈൽ നമ്പർ ഷെയർ ചെയ്യുന്നതാണ്. 9. ഇത്തരത്തിൽ വാക്സിൻ സ്വീകരിച്ചവരെ അടുത്ത മൂന്നു ആഴ്ചവരെ നിരീക്ഷിക്കുന്നതാണ്. സാന്ത്വന പരിചരണ സംഘത്തിന്റെ സഹായം ഉള്ള ആരോഗ്യ കേന്ദ്രത്തിന്റെ സഹായം ആവശ്യം വരുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. |
| (ബി) | അത് സംബന്ധിച്ച് സർവ്വേ നടത്തി അവർക്കുവേണ്ടി മൊബൈൽ വാക്സിനേഷൻ സംവിധാനം ഒരുക്കുവാൻ സർക്കാർ തയ്യാറാകുമോ? | (ബി) | കിടപ്പ് രോഗികൾക്കും മുതിർന്ന പൗരൻമാർക്കും വീട്ടുകളിൽ പോയി വാക്സിനേഷൻ നൽകുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരാവായിട്ടുണ്ട്. ആയതു പ്രകാരം 1.കിടപ്പ രോഗികൾക്കും, അവശത അനുഭവിക്കുന്ന മറ്റു രോഗികൾക്കും, യാത്ര ചെയ്യാൻ പ്രയാസം അനുഭവിക്കുന്ന മറ്റ് ജന വിഭാഗങ്ങൾക്കും നേരിട്ട് ഗൃഹ സന്ദർശനം നടത്തി വാക്സിൻ നൽകുന്നതാണ്. 2. ഇത്തരത്തിലുള്ള ജന വിഭാഗത്തിന്റെ വിശദാംശംങ്ങൾ മുൻകൂട്ടി ശേഖരിച്ച തയ്യാറാക്കി സമ്മതപത്രം വാങ്ങിയതിനുശേഷം, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച കൊണ്ട് ഈ വാക്സിനുകൾ സ്വീകരിക്കുന്നതുകൊണ്ടു മറ്റൊരു പാർശ്വഫലവും ഉണ്ടാവില്ല എന്ന് ഉറപ്പ വരുത്തുന്നതാണ്. 3.അടിയന്തിര ഘട്ടങ്ങളിൽ വാക്സിനേഷൻ നൽകുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ആധുനിക ആംബുലൻസും അനുബന്ധ എ ഇ എഫ് ഐ കിറ്റും (അഡ്രീനാലിൻ ഇൻജെക്ഷൻ, ഹൈഡ്രോകോർട്ടിസോൺ |

| | | | |
|---|---|---|---|
| | | | ഇൻജെക്ഷൻ, ഐ വി എൻ സലയെൻ/ റിങ്ങർ ലാക്ടേറ്റ്, മാസ്കോട്ട കൂടിയ അംബു ബാഗ്, ഐ വി കാനുല, ഡ്രിപ് സെറ്റ്, സിറിഞ്ച്, സൂചി, ബി പി അപ്പാരറ്റ്സ്, പൾസ് ഓക്സിമീറ്റർ ഡോസേജ് ചാർട്ട് എന്നിവ കിറ്റിൽ ഉണ്ടാവണം), ഒരു ആരോഗ്യ പ്രവർത്തകനും കൂടെ ഉണ്ടായിരിക്കുന്നതാണ്. 4. വീടുകൾ സന്ദർശിക്കുന്ന സംഘത്തിൽ ഒരു മെഡിക്കൽ ഓഫീസർ, വാക്സിനേറ്റർ, ഒരു ആശാ വർക്കർ അല്ലെങ്കിൽ അംഗൻവാടി വർക്കർ അല്ലെങ്കിൽ ഒരു സന്നദ്ധ സേവകൻ എന്നിവർ ഉണ്ടായിരിക്കുന്നതാണ്. സംഘത്തിൽ ഉള്ളവരെല്ലാം തന്നെ സർജിക്കൽ ഗൗൺ, N 95 മാസ്ക്, മുഖാവരണം, കയ്യുറകൾ എന്നിവ ധരിച്ചിരിക്കണം. പരിശോധനയ്ക്ക് മുമ്പും വാക്സിനേഷൻ നൽകുന്നതിന് മുമ്പും കോവിഡ് പ്രോട്ടോകോൾ പാലിച്ചും വാക്സിനേഷൻ നൽകുന്നതാണ്. 5. വീടുകൾ സന്ദർശിക്കുന്ന വേളയിൽ വാക്സിൻ സ്വീകരിക്കുന്ന വ്യക്തിയുടെ ആരോഗ്യ നില മെഡിക്കൽ ഓഫീസർ പരിശോധിച്ച് വാക്സിൻ സ്വീകരിക്കാൻ സജ്ജമാണോ എന്ന് വിലയിരുത്തുന്നതാണ്. 6. പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകൻ (ജെ പി എച്ച് എൻ / എ എൻ എം / സ്റ്റാഫ് നേഴ്സ്) ആയിരിക്കും വാക്സിനേഷൻ നല്കുന്നത്. 7. വാക്സിനേഷൻ നൽകിയ ശേഷം വാക്സിൻ സ്വീകരിച്ച ആളിനെ 30 മിനിട്ട് നിരീക്ഷിക്കുന്നതിനായി ഒരു ആശാ, അംഗൻവാടി, സന്നദ്ധ പ്രവർത്തകരെയോ നിയോഗിക്കുന്നതാണ്. എന്തെങ്കിലും ബുദ്ധിമുട്ടോ, പ്രയാസമോ വാക്സിൻ സ്വീകരിച്ചയാൾക്ക് ഉണ്ടാകുന്നെങ്കിൽ അത്തരം വിവരം എത്രയും വേഗം മെഡിക്കൽ ആഫീസറെയോ, മെഡിക്കൽ ടീമിനെയോ അറിയിക്കുന്നതാണ്. 8. വാക്സിൻ നൽകി 48 മണിക്കൂർ വരെ വാക്സിൻ സ്വീകരിച്ച വ്യക്തിയുമായി ടെലിഫോൺ മുഖേന വിവരങ്ങൾ തിരക്കേണ്ടതും അടിയന്തിര ഘട്ടങ്ങളിൽ രോഗിയുമായി ആശയവിനിമയം ചെയ്യാനായി ആവശ്യം ഉള്ള മൊബൈൽ നമ്പർ ഷെയർ ചെയ്യുന്നതാണ്. 9. ഇത്തരത്തിൽ വാക്സിൻ സ്വീകരിച്ചവരെ അടുത്ത മൂന്നു ആഴ്ചവരെ നിരീക്ഷിക്കുന്നതാണ്. സാന്ത്വന പരിചരണ സംഘത്തിന്റെ സഹായം ഉള്ള ആരോഗ്യ കേന്ദ്രത്തിന്റെ സഹായം ആവശ്യം വരുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ